# ആത്മാവിൽ വിതെക്കുക

## ഗലാത്യർ 6:8

“ജഡത്തിൽ വിതെക്കുന്നവൻ ജഡത്തിൽനിന്നു നാശം കൊയ്യും; ആത്മാവിൽ വിതെക്കുന്നവൻ ആത്മാവിൽ നിന്നു നിത്യജീവനെ കൊയ്യും”

രണ്ടു പ്രവർത്തികൾ നമുക്ക് ഈ വാക്യത്തിൽ കാണുവാൻ സാധിക്കും

1 ജഡത്തിൽ വിതക്കുക

2 ആത്മാവിൽ വിതക്കുക

ഇന്ന് നമ്മുടെ ഈ ലോകജീവിതത്തിൽ നാം കൂടുതലും വിതക്കുന്നത് ഏതിലാണ് എന്ന് ചിന്തിക്കണം.

വിതയും കൊയ്ത്തും ലോകത്തിന്റെ ഒരു തത്വമാണ്. യെഹോവ നോഹക്കു വാഗദത്തം ചെയ്തു: ഭൂമി ഉള്ളടത്തോളം കാലം വിതയും കൊയ്ത്തും, ശീതവും, ഉഷ്ണവും, വേനലും വർഷവും, രാവും, പകലും നിന്നു പോകുകയില്ലയെന്ന്. വേദപുസ്തകത്തിൽ വിതയും കൊയ്ത്തും ഒരു കൃഷികാരന്റെ ജീവിതവുമായാണ് ഉപമിച്ചിരിക്കുന്നത്. വിതക്കുക എന്നത് ഒരു കൃഷിക്കാരന്റെ ലക്ഷ്യമില്ലാത്ത പ്രവർത്തി അല്ല. അത് ഒരു വിനോദമോ ധർമ്മപ്രവർത്തിയോ അല്ല. സ്ഥലം ഒഴിച്ചെടുക്കുവാനായി വിത്തുകൾ വാരി വിതറുകയല്ല ഒരു കൃഷിക്കാരൻ ചെയ്യുന്നത്. കൊയ്ത്തു ലക്ഷ്യം വച്ചുകൊണ്ടുള്ള കൃഷിക്കാരന്റെ പ്രവൃത്തി ആണ് അത്.

ഒരു ക്രിസ്തീയ വിശ്വാസി എപ്പോഴും ഒരോ കാര്യം ചെയ്യുന്നതിനു മുൻപും ദൈവത്തോട് ആലോചന ചോദിക്കണം, ആ ആലോചനയുടെ അടിസ്ഥാനത്തിൽ വിത്തുകൾ വിതയ്ക്കണം, എങ്കിൽ മാത്രമേ ദൈവം ആഗ്രഹിക്കുന്ന രീതിയിൽ നമുക്ക് കൊയ്യുവാൻ സാധിക്കുകയുള്ളു.

തിന്മയുടെ സ്വാധീനം ഇന്ന് ലോകത്തിൽ നന്മയെക്കാളും മുൻപന്തിയിലാണ് നില്ക്കുന്നത്. ജഡത്തിന്റെ പ്രവർത്തികളായ ദുർനടപ്പു, അശുദ്ധി, ആഭിചാരം, പക, പിണക്കം, ക്രോധം, ദേഷ്യം, മദ്യപാനം, വെറിക്കൂത്തു ഇവ എല്ലാം ഇന്ന് മനുഷ്യന്റെ മുൻപിൽ ഇപ്പോഴും ഉണ്ട്. തിന്മയുടെ സ്വാധീനത്തെ നമ്മുടെ ജീവിതത്തിൽ ഒരിക്കലും കടന്നു വരാതെ നാം സൂക്ഷിക്കണം. നമ്മുടെ മനസ്സും ഹൃദയവും എപ്പോഴും സൂക്ഷിക്കുക. വചനം പറയുന്നു സകല ജാഗ്രതയോടെ നിന്റെ ഹൃദയത്തെ സൂക്ഷിക്കുക. പ്രിയമുള്ളവരേ ലോകമോഹങ്ങളുടെ പുറകെ പോയാൽ നമ്മുടെ ജീവിതം നാശത്തിലേക്കായിരിക്കും

കൂപ്പുകുത്തുന്നത്. ലോകത്തിന്റെ ആത്മാവിനെയും അതു വളർത്തുന്ന ജഡിക ചിന്തകളെയും നാം ചെറുക്കുകതന്നെ വേണം അതുകൊണ്ടാണ് പൗലോസ് അപ്പോസ്തോലൻ പറഞ്ഞത് "ജഡത്തിന്റെ ചിന്ത മരണം; ആത്മാവിന്റെ ചിന്തയോ ജീവനും സമാധാനവും തന്നേ." അതെ നിത്യ ജീവൻ തന്നെയെന്ന്.

ക്രിസ്തീയ ജീവിതം എന്നത് ഒരു കളിസ്ഥലമല്ല, അത് ഒരു യുദ്ധക്കളമാണ്. ഒരു വിശ്വാസിയെ സംബന്ധിച്ചു ഈ യുദ്ധത്തിൽ നമുക്ക് മൂന്ന് ശത്രുക്കൾ ഉണ്ട്. ലോകം, ജഡം, സാത്താൻ. ഇതിൽ ദൈവത്തോട് മത്സരിക്കുന്ന സ്ഥിതിയാണ് ലോകം. ഇന്ന് ലോകത്തിനു നമ്മോട് പറയുവാനുള്ളത് ദൈവത്തെ കൂടാതെ എങ്ങനെ ജീവിക്കാം എന്നതാണ്. അല്ലങ്കിൽ ദൈവത്തെ പരിഹസിച്ചു എങ്ങനെ ജീവിക്കാം എന്നതാണ്. ജഡത്തിന്റെ ചിന്ത അല്ലെങ്കിൽ മോഹം എന്നത്, ദൈവത്തോടു ശത്രുത്വം ആകുന്നു; അത് ദൈവത്തിന്റെ ന്യായപ്രമാണത്തിന്നു കീഴ്പ്പെടുന്നില്ല, കീഴ്പ്പെടുവാൻ അതിന് കഴിയുന്നതുമല്ല. പലവിധമായ മോഹങ്ങൾ സാത്താൻ നമ്മുടെ കണ്ണുകൾക്ക് മുൻപിൽ കൊണ്ടുവരും. അവൻ നമ്മുടെ കണ്ണുകളെ കുരുട്ടാക്കും. എന്നാൽ നാം യേശുവിങ്കലേക്ക് നോക്കി ജീവിക്കുമ്പോൾ അവൻ നമ്മെ വഴി നടത്തും. അവൻ നമ്മെ നന്മകളാൽ തൃപ്തരാക്കും.

പ്രിയമുള്ളവരേ പരിശുദ്ധാത്മാവിന്റെ വ്യക്തമായ ഇടപെടലുകൾ നമ്മുടെ ജീവിതത്തിൽ ഇല്ലെങ്കിൽ നമുക്ക് നല്ലതു കൊയ്യുവാനായിട്ട് സാധിക്കുകയില്ല. അതുകൊണ്ടാണ് യേശു നമ്മോട് പറഞ്ഞത് ഞാൻ പോകുന്നു, ഞാൻ പോയ ശേഷം നിങ്ങളുടെ മദ്ധ്യേ ഒരു കാര്യസ്ഥൻ വരും അവൻ നിങ്ങളെ വഴിനടത്തും, സംസാരിക്കും, നിങ്ങളെ ശ്രവിക്കും, നന്മ തിന്മകളെ കുറിച്ച് പറഞ്ഞു തരികയും ചെയ്യും. **യോഹന്നാൻ 14:26** പറഞ്ഞു തരുന്നത്: എങ്കിലും പിതാവു എന്റെ നാമത്തിൽ അയപ്പാനുള്ള പരിശുദ്ധാത്മാവു എന്ന കാര്യസ്ഥൻ നിങ്ങൾക്കു സകലവും ഉപദേശിച്ചു തരികയും ഞാൻ നിങ്ങളോടു പറഞ്ഞതു ഒക്കെയും നിങ്ങളെ ഓർമ്മപ്പെടുത്തുകയും ചെയ്യും. സമാധാനം ഞാൻ നിങ്ങൾക്കു തന്നേച്ചു പോകുന്നു; എന്റെ സമാധാനം ഞാൻ നിങ്ങൾക്കു തരുന്നു; ലോകം തരുന്നതുപോലെ അല്ല ഞാൻ നിങ്ങൾക്കു തരുന്നതു. നിങ്ങളുടെ ഹൃദയം കലങ്ങരുതു, ഭ്രമിക്കയും അരുതു. റോമർ 12:2 ൽ പറയുന്നു: ലോകത്തിനു അനുരൂപമാകാതെ നന്മയും പ്രസാദവും പൂർണതയുമുള്ള ദൈവഹിതം ഇന്നത് എന്ന് തിരിച്ചറിയേണ്ടതിനു മനസ്സ് പുതുക്കി രൂപാന്തരപ്പെടുവിൻ.

ക്രിസ്തീയജീവിതം ജഡികമല്ല, ആത്മാവിന്റെ അഭിലാഷമാണ്. ജഡം ക്രിസ്തുവിനോടൊപ്പം ക്രൂശിക്കപ്പെട്ടു. അതിന്റെ ഫലമായി, വിശ്വാസിയുടെ ജീവിതത്തിൽ

ആത്മാവ് തന്റെ ഫലം പുറപ്പെടുവിക്കാൻ അനുവദിക്കണം. ആത്മാവിന്റെ ഫലമായ: സ്നേഹം, സന്തോഷം, സമാധാനം, ദീർഘക്ഷമ, ദയ, പരോപകാരം, വിശ്വസ്തത, സൌമ്യത, ഇന്ദ്രിയജയം എന്നീ നല്ല ഫലങ്ങൾ പുറപ്പെടുവിച്ചു ആത്മാവിൽ ജീവിക്കുവാൻ, ആത്മാവിനെ അനുസരിച്ചു നടക്കുവാൻ ദൈവം നമ്മെ സഹായിക്കട്ടെ

**ബ്രദർ റ്റോബി ഏബ്രഹാം ചെങ്ങന്നൂർ 020**